# കേരള വോളിബോൾ ലീഗ് ഫെബ്രുവരിയിൽ; മമ്മൂട്ടി ബ്രാൻഡ് അംബാസഡർ




കേരള വോളിബോൾ ലീഗിന്റെ ലോഗോ പ്രകാശനം വോളിബോൾ ബ്രാന്റ് അംബാസഡർ മമ്മൂട്ടി നിർവഹിക്കുന്നു.

കൊച്ചി: കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷനുമായി സഹകരിച്ച് സ്പോർട്സ് കൺസൾട്ട് കേരള വോളിബോൾ ലീഗ് (കെവിഎൽ) പ്രഖ്യാപിച്ചു. ഫെബ്രുവരി 20 മുതൽ 28 വരെ കോഴിക്കോട് നടക്കുന്ന പ്രൊഫഷണൽ വോളിബോൾ ടൂർണമെന്റിൽ പ്രമുഖ കളിക്കാർ പങ്കെടുക്കും. പ്രശസ്ത ചലച്ചിത്ര താരം മമ്മൂട്ടിയാണ് വോളിബോൾ ലീഗിന്റെ ബ്രാൻഡ് അംബാസഡറും പ്രമോട്ടറും.

രാജ്യത്തെ ഏറ്റവും പ്രധാന വോളിബോൾ ലീഗായ കേരള വോളിബോൾ ലീഗിൽ ആറ് ടീം ഫ്രാഞ്ചൈസികളാണുണ്ടാകുക. ഇവയെ ലേലത്തിലൂടെ നിശ്ചയിക്കും. ഒമ്പത് ദിവസം നീളുന്ന റൗണ്ട് റോബിൻ അടിസ്ഥാനത്തിലുള്ള മത്സരത്തിൽ ആറു ടീമുകളും പരസ്പരം ഏറ്റുമുട്ടും. കേരളത്തിൽ നിന്നും കേരളത്തിന് പുറത്തുനിന്നും ജൂനിയർ ടീമുകളിൽ നിന്നുമുള്ള കളിക്കാരടങ്ങിയതായിരിക്കും ഓരോ ടീമുകളും. കേരളത്തിലും രാജ്യത്താകെയും ഗൾഫ് മേഖലയിലും മത്സരങ്ങളുടെ നേരിട്ടുള്ള ടെലിവിഷൻ സംപ്രേഷണവുമുണ്ടായിരിക്കും.

കഴിഞ്ഞ വർഷങ്ങളിൽ വോളിബോളിനെ ഇന്ത്യയിലെ പ്രൊഫഷണൽ കായികവിനോദമാക്കുന്നതിനുള്ള ഒറ്റപ്പെട്ട ശ്രമങ്ങൾ നടന്നിരുന്നു. ഇതിന്റെ തുടർച്ചയെന്ന നിലയിലാണ് കേരളത്തിൽ വോളിബോളിന്റെ സാന്നിധ്യവും പ്രാധാന്യവും വർധിപ്പിക്കുന്നതിന് സ്പോർട്സ് കൺസൾട്ടും കേരള വോളിബോൾ അസോസിയേഷനും കൈ കോർക്കുന്നത്. ഇത്തരത്തിൽ രാജ്യത്ത്തന്നെ ആദ്യശ്രമമാണിത്. രാജ്യത്തെ ആദ്യത്തെ പ്രൊഫഷണൽ വോളിബോൾ താരമായ ജിമ്മി ജോർജിന്റെ സംസ്ഥാനമെന്ന നിലയിലാണ് ലീഗ് മത്സരത്തിനായി കേരളത്തെ തെരഞ്ഞെടുത്തതെന്ന് സ്പോർട്സ് കൺസൾട്ട് സിഇഒ ജിതേന്ദ്ര ജോഷി പറഞ്ഞു

ഇത്തരമൊരു സംരംഭത്തിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ടെന്ന് നടൻ മമ്മൂട്ടി പറഞ്ഞു. വോളിബോളിന് ഊർജം പകരുന്നതിനും ജനകീയമാക്കുന്നതിനും വളർന്നുവരുന്ന തലമുറയെ ഇതിലേക്ക് ആകർഷിക്കാനും, അതുവഴി ഇന്ത്യയുടെ വോളിബോൾ ഭാവി രൂപപ്പെടുത്താനും ലീഗ് വഴിയൊരുക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ലീഗിന്റെ ലോഗോപ്രകാശനം മമ്മൂട്ടി നിർവ്വഹിച്ചു. സംസ്ഥാന വോളിബോൾ അസോസിയേഷൻ പ്രസിഡന്റ് ചാർളി ജേക്കബും ചടങ്ങിൽ പങ്കെടുത്തു